(ബി) പ്രകൃത്യാ രൂപപ്പെട്ടതും മൽസ്യത്തൊഴിലാളികൾ ഉപയോഗപ്പെടുത്തുന്നതുമായ അംഗീകൃതമല്ലാത്ത ഫിഷ്‌ലാൻറിംഗ് സെൻററുകൾ എവിടെയെല്ലാം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഇത്തരം സെൻററുകൾ വിപുലീകരിക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ എന്തെങ്കിലും പദ്ധതിയുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് യന്ത്രവൽകൃത ബോട്ടുകൾക്കുവേണ്ടിയുള്ള 9 എണ്ണവും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള 20 എണ്ണവും കൂടി ആകെ 29 ഫിഷ് ലാൻറിംഗ് സെൻററുകൾ നിർമ്മിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.†

(ബി) പ്രകൃത്യാ രൂപപ്പെട്ടതും, മത്സ്യത്തൊഴിലാളികൾ ഉപയോഗപ്പെടുത്തുന്നതും എന്നാൽ പ്രത്യേക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമായ പ്രധാന ലാൻറിംഗ് സെൻററുകളുടെ ലിസ്റ്റ് അനുബന്ധം-2 ആയി കൊടുക്കുന്നു.†

(സി) ഉണ്ട്.

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൻെറ ബ്രെക്ക് വാട്ടർ ബലപ്പെടുത്തുന്നതിന് നടപടി

104 [2714] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിൻെറ ബ്രെക്ക് വാട്ടർ തകർന്നേക്കുമെന്ന് ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് ജൂലായ് 15-ാം തീയതി മലയാള മനോരമ പത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(സി) വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിൻെറ ബ്രെക്ക് വാട്ടർ ബലപ്പെടുത്തുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) സുനാമി തിരമാലകളുടെ ആക്രമണം മൂലം വിഴിഞ്ഞത്തെ പുലിമുട്ടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് കേന്ദ്രസഹായമായി 104 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവർത്തിക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടെട്രാപോഡുകൾ വാർത്തിരുന്ന കാസ്റ്റിംഗ് യാർഡ് കോസ്റ്റ് ഗാർഡിന് കൈമാറിയതിനാൽ ഇവ വാർക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്നതിന് കോസ്റ്റ് ഗാർഡുമായി ബന്ധപ്പെട്ട് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. കാസ്റ്റിംഗ് ജോലികൾ പൂർത്തീകരിച്ച് കാലവർഷത്തിനുശേഷം പുലിമുട്ടുകളുടെ ബലപ്പെടുത്തൽ ആരംഭിക്കുകയും നിലവിൽ സ്ഥാനഭ്രംശം സംഭവിച്ച ബ്ലോക്കുകൾ യഥാസ്ഥാനത്ത് നിക്ഷേപിക്കുകയും ചെയ്യുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly